## ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം, കോട്ടയം

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, കോട്ടയം- വാഴൂർ ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ-പ്രത്യേക താമസ ഉപയോഗ കെട്ടിടനിർമ്മാണം- ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: വാഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 19.01.2019-ലെ എ3/7182/18 നമ്പർ കത്ത്.

---

**ഉത്തരവ് നമ്പർ C/133/2019/D.Dis** **തീയതി: 01.02.2019.**

---

കോട്ടയം ജില്ലയിലെ വാഴൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള, വാഴൂർ വില്ലേജിൽ, ബ്ലോക്ക് നമ്പർ 25-ൽ റീസർവ്വേ നമ്പർ 272/11-1, 273/1-1, 273/1, 273/2 എന്നിവയിൽപെട്ട 20,150 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്ത് 7,972 ചതുരരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വൈകല്യമുള്ളവർക്കുള്ള വിദ്യാഭ്യാസ-പ്രത്യേക താമസ ഉപയോഗ കെട്ടിടം നിർമ്മിക്കുന്നതിന് കെ.പി.ബി.ആർ-2011-ലെ ചട്ടങ്ങൾക്കും, താഴെപ്പറയുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിന്റെ ഉപയോഗത്തിനും കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും, ലഭ്യമാക്കേണ്ട എൻ.ഒ.സി., അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം മാത്രമെ കെട്ടിട നിർമ്മാണ അനുമതി/ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളു.

**<u>നിബന്ധനകൾ:-</u>**

1. കെ.പി.ബി.ആർ.-2011 ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും, സ്ഥലപരിശോധന നടത്തിയും ഉറപ്പുവരുത്തണം.
2. ഖര-ദ്രവ മാലിന്യ സംസ്ക്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.
3. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.
4. നിർദ്ദിഷ്ട വസ്തുവിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ല എന്ന് രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പുവരുത്തണം.
5. പരിസര മലിനീകരണം ഉണ്ടാകുന്നില്ലെന്ന് പരിശോധിച്ച് സെക്രട്ടറി ഉറപ്പുവരുത്തണം.
6. ചട്ടം 56(4) പ്രകാരം അഗ്നിസുരക്ഷാ സർവ്വീസസിൽ നിന്നുള്ള അനുമതി ആവശ്യമാണ്.
7. ചട്ടം 54(7) പ്രകാരം ദ്രവ മാലിന്യ സംസ്ക്കരണത്തിനുള്ള സംവിധാനം ഉണ്ടായിരിക്കണം.
8. കോട്ടയം - കുമളി റോഡിൽ നിന്നും പ്ലോട്ടിലേയ്ക്ക് പ്രവേശിക്കുന്ന പ്രൈവറ്റ് റോഡിന് 6 മീറ്റർ വീതി ലഭ്യമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.
9. ചട്ടം 55(5), 56(5) എന്നിവ പ്രകാരം ആവശ്യമായ അഗ്നിസുരക്ഷാ സംവിധാനം ഉറപ്പുവരുത്തണം.

10. ചട്ടം 54(8) പ്രകാരം മലിനജലം പുനരുപയോഗിക്കുന്നതിന് ആവശ്യമായ സംവിധാനം ഉറപ്പുവരുത്തണം.

11. കട്ടിംഗ് & ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി. നേടിയിരിക്കണം.

12. പാർക്കിംഗ് ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്നും, വാഹനങ്ങൾ സുഗമമായി തിരിയുന്നതിനുള്ള സൗകര്യത്തോടു കൂടിയതുമാണ് എന്നും, അവ ഭാവിയിൽ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കില്ല എന്നും സെക്രട്ടറി ഉറപ്പാക്കണം.

13. ശാരീരിക വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

14. ചട്ടപ്രകാരം ലൈറ്റിംഗ് & വെന്റിലേഷൻ ലഭ്യമാകുന്നുണ്ടെന്നും, ഫയർ എസ്കേപ്പ് സ്റ്റെയർ ചട്ടപ്രകാരമാണെന്നും സെക്രട്ടറി ഉറപ്പാക്കണം.

15. കെ.പി.ബി.ആർ-2011-നും, അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.

16. മേൽ അംഗീകാരം, കെട്ടിട നിർമ്മാണം / ഭൂവികസന പ്രവർത്തനം എന്നിവ തുടങ്ങുന്നതിനുള്ള അനുമതി അല്ല. കെ.പി.ബി.ആർ-2011 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിക്ക് പരിഗണിക്കാവൂ.

***"ഈ ഉത്തരവ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ / വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമെ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ."***

**(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 06/19/Ktm)**

OFFICE OF THE TOWN PLANNER PIN - 686 001 PH: 2584160 KOTTAYAM

സുജാ മത്തായി
നഗരാസൂത്രക

സെക്രട്ടറി, വാഴൂർ ഗ്രാമപഞ്ചായത്ത് (പ്ലാൻ 1സെറ്റ് സഹിതം)

പകർപ്പ് : 1. പ്രസിഡന്റ് & സെക്രട്ടറി,
വി. കെയർ സെന്റർ,
ആശാനിലയം സൊസൈറ്റി,
കാഞ്ഞിരപ്പള്ളി.

2. അധികം- 1.

A/01.02.2019.